**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6204** **09-07-2024 - ൽ മറുപടിയ്ക്ക്**

**ശബരിമല തീർത്ഥാടനം സുഗമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യൂ ടി. തോമസ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമായ ശബരിമലയുടെ പ്രാധാന്യം കണക്കിലെടുത്ത് ഈ വർഷത്തെ ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 2024-25 വർഷത്തെ ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു. ശബരിമല തീർത്ഥാടനത്തിനായുള്ള മുന്നൊരുക്കങ്ങൾ അവലോകനം ചെയ്യുന്നതിനായി ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആദ്യ ഘട്ട അവലോകന യോഗം 17/07/2024-ന് ചേരുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) | തീർഥാടകർക്ക് ശബരിമലയുടെ ഇടത്താവളങ്ങളിലും പന്തളത്തും ആവശ്യമായ സൗകര്യങ്ങൾ നൽകുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2024-25 വർഷത്തെ ശബരിമല തീർത്ഥാടനത്തിന് മുന്നോടിയായി ഇടത്താവളങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി കഴക്കൂട്ടം, ചെങ്ങന്നൂർ, നിലയ്ക്കൽ, എരുമേലി, ചിറങ്ങര, മണിയങ്കോട് എന്നിവിടങ്ങളിൽ ശബരിമല ഇടത്താവളങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| (സി) | ശബരിമല ഉൾപ്പെടെയുള്ള തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി പിൽഗ്രിം ടൂറിസം ദേശീയ തലത്തിലും അന്തർദേശീയ തരത്തിലും പ്രചരിപ്പിക്കുന്നതിന് വിപുലമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെടുത്തി പിൽഗ്രിം ടൂറിസം(സ്വദേശ് ദർശൻ പദ്ധതി) പ്രകാരം ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതിയും തിരുവിതാംകൂർ ദേവസ്വം ബോർഡും ചേർന്ന 35.48 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**2024-25 വർഷത്തെ ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ**

**ശബരിമല**

- ശബരിമലയിൽ ദർശനത്തിനെത്തുന്ന അയപ്പഭക്തർക്ക് വിവിധ കെട്ടിടങ്ങളിലായി 540 മുറികളും 5 കോട്ടേജുകളും വാടകയ്ക്ക് നൽകുന്നതിനും 12 വിരി ഷെഡ്ഡുകൾ വിരിവയ്ക്കുന്നതിനുമായി നിലവിലുണ്ട്. ഇതിന്റെ മെയിന്റനൻസ് ജോലികൾ നവംബർ 10-ന് മുൻപായി ചെയ്തു തീർക്കുന്നതാണ്. കൂടാതെ അന്നദാന മണ്ഡപത്തിന്റെ മുകൾഭാഗവും വിരിവയ്ക്കുന്നതിനായി ലേലത്തിന് നൽകുന്നതാണ്.
- വലിയ നടപ്പന്തൽ, വലിയ നടപ്പന്തലിന് മുകൾഭാഗം, പാണ്ടിത്താവളത്ത് മാഗുണ്ട നിലയം, മാളികപ്പുറം നടപ്പന്തൽ, മരാമത്ത് ഓഫീസിന് മുൻഭാഗത്തെ മൂന്ന് തട്ടുകൾ, മാളികപ്പുറം കെട്ടിടം പൊളിച്ച് മാറ്റിയ ഭാഗം എന്നിവിടങ്ങളിൽ അയ്യപ്പ ഭക്തൻമാർക്ക് സൗജന്യമായി വിരി വയ്ക്കുന്നതിന് സൗകര്യമുണ്ട്.
- ശബരിമലയിൽ എത്തുന്ന അയ്യപ്പ ഭക്തർക്ക് രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും സൗജന്യമായി അന്നദാന വിതരണം ചെയ്തുവരുന്നുണ്ട്.
- അയ്യപ്പഭക്തർക്ക് തിളപ്പിച്ച ഔഷധ ജലം നൽകുന്നതിനായി പമ്പ മുതൽ ജ്യോതിനഗർ വരെയും മരക്കൂട്ടം മുതൽ ശരംകുത്തി വഴി വലിയ നടപ്പന്തൽ വരെയും സന്നിധാനത്ത് വിവിധ ഭാഗങ്ങളിലുമായി 50 കൗണ്ടറുകൾ സജ്ജീകരിക്കുന്നുണ്ട്.
- സന്നിധാനത്ത് വിവിധ ഭാഗങ്ങളിലായി ക്ലോറിനേഷൻ, RO, UF plus UV ചെയ്ത് ശുദ്ധീകരിച്ച ജലം 300 ടാപ്പുകളിലായി യഥേഷ്ടം നൽകുന്നതിനായി സജ്ജീകരിക്കുന്നുണ്ട്.
- സന്നിധാനത്ത് വിവിധ സ്ഥലങ്ങളിലായി 885 ശൗചാലയങ്ങളും പുതുതായി നിർമ്മിച്ച ആറ് യൂറിനൽ ബ്ലോക്കുകളും സൗജന്യമായി ഉപയോഗിക്കുന്നതിനും 120 ശൗചാലയങ്ങൾ വാടക ഈടാക്കി നൽകുന്നതിനും സജ്ജീകരിക്കുന്നുണ്ട്.
- മരക്കൂട്ടം മുതൽ ശരംകുത്തി വരെ ആറ് ക്യൂ കോംപ്ലക്സുകളിലും SM1, SM2 എന്നിവയിലുമായി ആകെ 164 ശൗചാലയങ്ങളും മരക്കൂട്ടത്ത് ഒരു ടൊയ്‌ലറ്റ് ബ്ലോക്കും സൗജന്യമായി ഉപയോഗിക്കുന്നതിന് സജ്ജീകരിക്കുന്നുണ്ട്.

## പമ്പ

- പമ്പ മുതൽ അപ്പാച്ചിമേട് വരെ 412 ശുചിമുറികളും 16 യൂറിനലുകളും സജ്ജീകരിച്ചിട്ടുണ്ട്.
- പമ്പ മണപ്പുറത്ത് അയ്യപ്പ ഭക്തർക്ക് മഴയും വെയിലും ഏൽക്കാതെ നടന്നു പോകുന്നതിനായി മുൻ വർഷം നിർമ്മിച്ച മൂന്ന് നടപ്പന്തലിന്റെ തുടർച്ചയായി മൂന്ന് നടപ്പന്തൽ കൂടി നിർമ്മിക്കുന്നുണ്ട്.
- പമ്പ മണപ്പുറത്ത് സ്ത്രീകൾക്ക് വസ്ത്രം മാറുന്നതിനായി ലേഡീസ് ഡ്രസ് ചെയ്ഞ്ചിംങ് റൂം സൗകര്യം സജ്ജീകരിക്കുന്നുണ്ട്.
- അയ്യപ്പഭക്തർക്കായി പമ്പ അഞ്ജനേയ ആഡിറ്റോറിയത്തിൽ നവീകരിച്ച വെർച്വൽ ക്യൂ സംവിധാനം സജ്ജീകരിക്കുന്നുണ്ട്.
- ചുക്ക് വെള്ള വിതരണത്തിനായി പമ്പാ ഗണപതി ക്ഷേത്രത്തിലും നടപ്പന്തലിന് സമീപത്തും കൗണ്ടറുകൾ സജ്ജീകരിക്കുന്നുണ്ട്.
- നീലിമല ബോട്ടം മുതൽ അപ്പാച്ചിമേട് ടോപ് വരെയും കൂടാതെ സ്വാമി അയ്യപ്പൻ റോഡിലും എമർജൻസി മെഡിക്കൽ സെന്ററുകൾ സജ്ജീകരിക്കുന്നുണ്ട്.
- വിരിവയ്ക്കുന്നതിനായി പമ്പയിൽ വിരി ഷെഡുകൾ സജ്ജീകരിക്കുന്നുണ്ട്.
- ചക്കുപാലം II, ഹിൽടോപ്പ് എന്നിവിടങ്ങളിൽ ചെറുവാഹനങ്ങൾക്ക് പാർക്കിംങ് സൗകര്യം സജ്ജീകരിക്കുന്നുണ്ട്.
- ICSE ബിൽഡിങിന്റെ മുകളിലായി ലേഡീസ് വെയിറ്റിംഗ് ഷെഡ്, ലൈബ്രറി, ഫീഡിംഗ് റൂം ഉൾപ്പെടെ സജ്ജീകരിച്ചിട്ടുണ്ട്.
- അടിയന്തര സാഹചര്യങ്ങൾ നേരിടാനായി ഫയർഫോഴ്സ് ഡിപ്പാർട്ട്മെന്റ് പമ്പ മണപ്പുറത്ത് താല്ക്കാലിക ഷെഡുകൾ സജ്ജീകരിക്കുന്നുണ്ട്.
- പമ്പ മണപ്പുറത്ത് ദേവസ്വം ബോർഡിന്റെ അന്നദാന മണ്ഡപം സജ്ജീകരിക്കുന്നുണ്ട്.
- പമ്പാ മണപ്പുറത്ത് അയ്യപ്പ ഭക്തർക്കായി ബലി ഇടുന്നതിനുള്ള സൗകര്യം സജ്ജീകരിക്കുന്നുണ്ട്.
- പമ്പ സർക്കാർ ആശുപത്രിയ്ക്ക് സമീപം കാരുണ്യാ മെഡിക്കൽ ഷോപ്പ് സജ്ജീകരിക്കുന്നുണ്ട്.
- അയ്യപ്പ ഭക്തർക്ക് മകരജ്യോതി ദർശിക്കുന്നതിനായി പമ്പ ഹിൽടോപ്പിൽ സൗകര്യം ഒരുക്കുന്നതാണ്.